## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.42 | 24.01.2018-ൽ മറുപടിയ്ക്ക്

### നികുതി വരുമാനത്തിലെ ചോർച്ച

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>,, എ.എം. ആരിഫ്<br>,, കെ. ബാബു<br>,, വി. കെ. സി. മമ്മത് കോയ: | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഒന്നരക്കോടി രൂപ വരെ വിറ്റുവരവുള്ള ചെറുകിട നികുതി ദായകർ ഒഴികെയുള്ള നികുതി ദായകരിൽ പകുതി പേരുടെ മാത്രം നിയന്ത്രണമുള്ളത്; നികുതി നിർണ്ണയത്തിലെന്നതു പോലെ നികുതി ഭരണത്തിലും സംസ്ഥാനത്തിന്റെ അധികാരം ശോഷിപ്പിക്കുന്നതിന് കാരണമായിട്ടുണ്ടോ; നികുതി പിരിവിന്റെ കാര്യക്ഷമതയെ ഇത് എങ്ങനെ ബാധിക്കുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി നടപ്പിലായതിനെ തുടർന്ന് ഒന്നരക്കോടി രൂപ വരെ വിറ്റുവരവുള്ള 90% ഡീലേഴ്സിന്റെ ഫയലുകൾ സംസ്ഥാനങ്ങൾക്കും അതിനുമുകളിൽ വിറ്റുവരവുള്ള ഡീലേഴ്സിന്റെ ഫയലുകൾ ചരക്ക്, സേവനം എന്ന തരംതിരിവില്ലാതെ തുല്യമായി കേന്ദ്രത്തിനും സംസ്ഥാനത്തിനുമായി ജി.എസ്.റ്റി കൗൺസിലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് ചരക്കുമായി ബന്ധപ്പെട്ട ചില പ്രധാന ഫയലുകൾ കേന്ദ്രത്തിനു കൈമാറിയിട്ടുണ്ടെങ്കിലും അവർ കൈകാര്യം ചെയ്തിരുന്ന സേവന മേഖലയിലെ ചില പ്രധാന ഫയലുകൾ സംസ്ഥാനത്തിനു ലഭ്യമായിട്ടുണ്ട്. ആയതിനാൽ നികുതി നിർണയത്തിനും നികുതി ഭരണത്തിനും സംസ്ഥാനത്തിന്റെ അധികാരത്തിന് വലിയ ശോഷിപ്പൊന്നും ഉണ്ടായിട്ടില്ല. കൂടാതെ കേന്ദ്ര അധികാരികളുടെ കൈവശമുള്ള ഫയലുകളിലും ഏതെങ്കിലും ക്രമക്കേടുള്ളതായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ആയതിന് വിശദമായ ആഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കാൻ ആവശ്യപ്പെടാനുള്ള അധികാരം സംസ്ഥാന അധികാരികൾക്കുണ്ട്. കൂടാതെ സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കത്തിൽ നികുതി വെട്ടിപ്പുണ്ടോ എന്നു പരിശോധിക്കാൻ സംസ്ഥാന അധികാരികൾക്ക് പൂർണ്ണ അധികാരമുണ്ട്. ആയതിനാൽ നികുതി പിരിവിന്റെ കാര്യക്ഷമതയെ ഇത്തരം ഫയൽ പുനർവിന്യാസം ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നില്ല. |

| | | | |
|---|---|---|---|
| (ബി) | ഏകീകൃത കമ്പോളവൽക്കരണത്തിന്റെ ഫലമായി ചെക്ക്പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചത് സംസ്ഥാനത്തെ നികുതി വരുമാനത്തിൽ ചോർച്ചയുണ്ടാക്കാനിടയുള്ളതായി കരുതുന്നുണ്ടോ; എങ്കിൽ ഇത് തടയാനായി എന്തു സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു; | (ബി) | ജി.എസ്.ടി നടപ്പിലായതിനെ തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. എന്നാൽ ജി.എസ്.ടി നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നായിരുന്നു ധാരണ. എന്നാൽ ഇത് നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ചെക്ക് പോസ്റ്റ് നിർത്തലാക്കിയതിനെ തുടർന്ന് സംസ്ഥാനത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതിലുള്ള കടുത്ത ആശങ്ക കേരളത്തെപോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾ ജി.എസ്.ടി കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും അതിനെ തുടർന്ന് 01-02-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്കു നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-01-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് അന്തർ സംസ്ഥാന ചരക്കു നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്കു കഴിയും. ഇത് ഒരു പരിധി വരെ ചെക്ക് പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കും. |
| (സി) | ഭൗതിക പരിശോധന ഒഴിവാക്കിക്കൊണ്ടുള്ള ഇ-വേ ബിൽ സംവിധാനം നികുതി വെട്ടിപ്പ് തടയാൻ പര്യാപ്തമാണോ എന്ന് വ്യക്തമാക്കാമോ? | (സി) | ഇ-വേ ബിൽ സമ്പ്രദായം നടപ്പിലായതുകൊണ്ടുമാത്രം നികുതി വെട്ടിപ്പ് തടയാൻ കഴിയുമെന്ന് സർക്കാർ കരുതുന്നില്ല. ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പു വരുത്തുന്നതിനായി ചരക്കു വാഹനങ്ങളുടെ ഭൗതിക പരിശോധന ആവശ്യമായി വരും. ആയതിനുവേണ്ടി ചെക്ക് പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർ വിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ